(എഫ്., ജി) ബ്രോക്കർ സമ്പ്രദായം നിലവിലില്ല. എന്നാൽ ചില എജന്റുമാർ, ബ്രോക്കർമാർ ആയി പ്രവർത്തിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഐ. ടി. ഐ. കൾ

992 [1874] ശ്രീ. ബന്നി ബഹനാൻ:
,, പന്തളം സുധാകരൻ:
,, ജി. കാർത്തികേയൻ:
,, എം. എം. ഹസ്സൻ:

താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ പ്രവേശനത്തിനുള്ള തിരക്ക് പരിഗണിച്ച് നിലവിലുള്ള ഐ. ടി. ഐ. കളിൽ സീറ്റ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

ഇല്ല.

"കൈത്തറി തൊഴിലാളികൾ"

993 [1876] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ എത്ര;

(ബി) അവയിൽ സ്ത്രീ തൊഴിലാളികൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2,50,000.

(ബി) 70,000.

"കശുവണ്ടി തൊഴിലാളികൾ"

994 [1877] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മൊത്തം തൊഴിലാളികൾ എത്ര;

(ബി) അവയിൽ സ്ത്രീ തൊഴിലാളികൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1,43,899.

(ബി) 1,28,166.

എണ്ണപ്പന കൃഷിയുമായി ബന്ധപ്പെട്ട തൊഴിലാളികൾ

995 [1879] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളികൾ എണ്ണപ്പന കൃഷിയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നുണ്ട്;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ഗവൺമെന്റ് മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിലെത്ര രൂപ വീതം ഓരോ വിഭാഗം തൊഴിലാളികൾക്കും ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) മിനിമം കൂലി നിശ്ചയിച്ചിട്ടില്ലെങ്കിൽ അത് എന്തു കൊണ്ടാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 979 തൊഴിലാളികൾ (146 സ്ത്രീപുരുഷന്മാർ ഉൾപ്പെടാത്ത)

(ബി) എണ്ണപ്പന കൃഷിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് സർക്കാർ പ്രത്യേകമായി മിനിമം കൂലി നിശ്ചയിച്ചിട്ടില്ല. ഇപ്പോൾ ഫീൽഡിൽ ജോലി ചെയ്യുന്ന ഓരോ തൊഴിലാളിക്കും പ്രതിദിനം 18 രൂപ 73 പൈസയും, ഫാക്ടറിയിൽ ജോലി ചെയ്യുന്ന തൊഴിലാളിക്ക് പ്രതിദിനം 19 രൂപ 88 പൈസയും കൂലിയായി ലഭിക്കുന്നുണ്ട്.

(സി) ഈ കൃഷിയുടെ സ്വഭാവം കണക്കിലെടുത്ത് പ്രസ്തുത തൊഴിലാളികൾക്ക് മിനിമം കൂലി നിയമത്തിന്റെ സംരക്ഷണം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

സ്ത്രീ തൊഴിലാളികൾ

996 [1882] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകത്തൊഴിലാളികളിൽ സ്ത്രീ തൊഴിലാളികൾ എത്ര;

(ബി) അത് എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) 20 ലക്ഷത്തോളം വരുന്ന സംസ്ഥാനത്തെ കർഷക തൊഴിലാളികളിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം 7,25,000 ആണ്.

(ബി) 36.25%

LIBRARY ARCHIVES Kerala Legislative Assembly